**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **25-06-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ കഴിഞ്ഞ അഞ്ചു വർഷമായി നൽകുന്ന സാമ്പത്തിക സഹായത്തിന്റെയും പ്രസ്തുത കാലയളവിലെ വരുമാനത്തിന്റെയും ബോർഡ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ തനത് വരുമാനത്തിൽ നിന്നുമാണ് ശമ്പളം അടക്കമുള്ള ദൈനംദിന ചെലവുകൾ നടത്തി വരുന്നത്. മലബാർ ദേവസ്വം ബോർഡ് പ്രധാനമായും സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് ദൈനംദിന ചെലവുകളും, ജീവനക്കാരുടെ ശമ്പളവും നൽകി വരുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്. ക്ഷേത്രങ്ങളുടെ ഭരണപരമായ മേൽനോട്ടച്ചുമതല മാത്രമാണ് മലബാർ ദേവസ്വം ബോർഡിനുള്ളത്. ടി ക്ഷേത്രങ്ങളിൽ ലഭിക്കുന്ന വരുമാനം പൂർണമായും അതതു ക്ഷേത്രങ്ങളുടെ അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം അംശാദായം എന്ന പേരിൽ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിലേക്ക് ക്ഷേത്രങ്ങൾ അടവാക്കുന്നുണ്ട്. ദേവസ്വം ബോർഡുകൾക്ക് സർക്കാർ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നൽകിയ സാമ്പത്തിക സഹായത്തിന്റെയും പ്രസ്തുത കാലയളവിലെ ദേവസ്വങ്ങളുടെ വരുമാനത്തിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം ദേവസ്വം ബോർഡുകൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ശമ്പളം അടക്കമുള്ള ദൈനംദിന ചെലവുകൾ നടത്താൻ കഴിയാറുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ തനത് വരുമാനത്തിൽ നിന്നുമാണ് ശമ്പളം അടക്കമുള്ള ദൈനംദിന ചെലവുകൾ നടത്തി വരുന്നത്. മലബാർ ദേവസ്വം ബോർഡ് പ്രധാനമായും സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് ദൈനംദിന ചെലവുകളും, ജീവനക്കാരുടെ ശമ്പളവും നൽകി വരുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ സ്വതന്ത്ര യൂണിറ്റുകളായാണ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നത്. ക്ഷേത്രങ്ങളുടെ ഭരണപരമായ മേൽനോട്ടച്ചുമതല മാത്രമാണ് മലബാർ ദേവസ്വം ബോർഡിനുള്ളത്. ടി ക്ഷേത്രങ്ങളിൽ ലഭിക്കുന്ന വരുമാനം പൂർണമായും അതതു ക്ഷേത്രങ്ങളുടെ അക്കൗണ്ടിലാണ്  വരവ് വയ്ക്കുന്നത്. ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം അംശാദായം എന്ന പേരിൽ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിലേക്ക് ക്ഷേത്രങ്ങൾ അടവാക്കുന്നുണ്ട്. ദേവസ്വം ബോർഡുകൾക്ക് സർക്കാർ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നൽകിയ സാമ്പത്തിക സഹായത്തിന്റെയും പ്രസ്തുത കാലയളവിലെ ദേവസ്വങ്ങളുടെ വരുമാനത്തിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ദേവസ്വം | വർഷം | വരുമാനം | സർക്കാർ ധനസഹായം |
|---|---|---|---|
| തിരുവിതാംകൂർ ദേവസ്വം ബോർഡ് | 2019-20 | 570,67,45,190 | 30,40,00,000 |
| | 2020-21 | 653,96,24,604 | 90,40,00,000 |
| | 2021-22 | 332,70,68,280 | 20,80,00,000 |
| | 2022-23 | 422,00,38,118 | 80,00,000 |
| | 2023-24 | 691,13,94,855 | 16,00,000 |
| കൊച്ചിൻ ദേവസ്വം ബോർഡ് | 2018-19 | 150,59,34,224 | നൽകിയിട്ടില്ല |
| | 2019-20 | 160,96,44,082 | നൽകിയിട്ടില്ല |
| | 2020-21 | 125,58,09,836 | 25,23,17,000 |
| | 2021-22 | 155,71,16,445 | 25,00,000 |
| | 2022-23 | 228,86,07,857 | നൽകിയിട്ടില്ല |
| മലബാർ ദേവസ്വം ബോർഡ് | 2019-20 | 4,07,89,912 | 18,16,13,333 |
| | 2020-21 | 1,75,66,320 | 44,30,53,740 |
| | 2021-22 | 63,67,544 | 32,27,58,620 |
| | 2022-23 | 7,28,64,224 | 39,47,89,000 |
| | 2023-24 | 8,16,97,935 | 24,28,69,350 |
| ഗുരുവായൂർ ദേവസ്വം | 2019-20 | 315,68,34,289.55 | നൽകിയിട്ടില്ല |
| | 2020-21 | 203,44,19,330.60 | നൽകിയിട്ടില്ല |
| | 2021-22 | 321,44,99,534.67 (before finalization) | നൽകിയിട്ടില്ല |
| | 2022-23 | 462,23,07,359.93 (before reconciliation) | നൽകിയിട്ടില്ല |
| | 2023-24 | 485,57,36,010.92 (before reconciliation) | നൽകിയിട്ടില്ല |

| | | | |
|---|---|---|---|
| **കൂടൽമാണിക്യം ദേവസ്വം** | 2018-19 | 4,10,66,844 | നൽകിയിട്ടില്ല |
| | 2019-20 | 4,49,48,113 | നൽകിയിട്ടില്ല |
| | 2020-21 | 2,51,00,224 | 15,00,000 |
| | 2021-22 | 2,69,38,682 | നൽകിയിട്ടില്ല |
| | 2022-23 | 4,33,68,443 | നൽകിയിട്ടില്ല |